പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5402 — 26.03.2018-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ന്യൂനമർദ്ദത്തെ തുടർന്ന് മാർച്ച് 12 മുതൽ മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകുവാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പ് നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാർ മത്സ്യത്തൊഴിലാളികളോട് ജാഗ്രത പാലിക്കണമെന്നും മത്സ്യബന്ധനത്തിനായി കടലിൽ പോകുന്നത് ഒഴിവാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. സംസ്ഥാനത്തൊട്ടാകെ ഈ നിർദ്ദേശം പാലിക്കുകയുണ്ടായി. അപ്രതീക്ഷിതമായി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടായേക്കാവുന്ന ആൾനാശം, ദ്രവ്യനാശം എന്നിവ ഒഴിവാക്കാൻ ഇത്തരം നടപടികൾ സഹായിക്കുന്നതാണ്. |
| (ബി) | ഇതുമൂലം വിഴിഞ്ഞം ഉൾപ്പെടെയുള്ള മത്സ്യത്തൊഴിലാളി മേഖലയിലെ കുടുംബങ്ങൾ പട്ടിണിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇത് മൂലം വിഴിഞ്ഞം ഭാഗത്ത് മാത്രമല്ല സംസ്ഥാനത്തിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റം വരെയുള്ള മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാനായില്ലയെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (സി) | തൊഴിലാളികൾക്ക് കടലിൽ പോകുവാൻ കഴിയാത്ത സാഹചര്യത്തിൽ അവർക്ക് സൗജന്യ റേഷൻ നൽകുന്ന കാര്യം പരിഗണിക്കുമോ; | (സി) & (ഡി) | പരിഗണിക്കുന്നതാണ്. |
| (ഡി) | ഓഖി ദുരന്തത്തിന്റെ ആഘാതത്തിൽ നിന്നും മുക്തി നേടിവരുന്ന തീരത്ത് ന്യൂനമർദ്ദത്തിന്റെ പേരിലുള്ള ഭീതിയും, കടൽ യാത്രാവിലക്കും കടുത്ത പ്രതിസന്ധി സൃഷ്ടിക്കുന്ന സാഹചര്യത്തിൽ അടിയന്തരമായി സൗജന്യ റേഷൻ അനുവദിക്കുമോ എന്നറിയിക്കാമോ ? | | |

സെക്ഷൻ ഓഫീസർ